(ബി) മേൽ പറഞ്ഞ അനീതിയുടെ നേക്കു സമരം നടത്തുവാൻ നോൺഗസറ്റഡ് ആഫീസ്സേഴ്സ് സംഘാംഗങ്ങളുടെ യോഗത്തിൽവെച്ചു മന്ത്രി ഉൽബോധിപ്പിച്ചതായി ഗവ ൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആളുകളെ യുദ്ധസേവനത്തിനു് ആകഷ്ടിക്കുവാനായി ഒരു വിദേശീയ ഗവൺമെ ണ്ടു വാശ്ദാനം ചെയ്തതാണു് ഈ ആനുകൂല്യങ്ങളും അവകാശങ്ങളും എന്നു് ആ പ്രസംഗത്തിൽ മന്ത്രി പറഞ്ഞതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) പത്രറിപ്പോർട്ടുകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. എന്നാൽ പ്ര സ്തുത റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട മന്ത്രി ചെയ്ത പ്രസംഗത്തിലെ യഥാർത്ഥ വിവരങ്ങളല്ല. മറ്റു പരിഗണനകളെല്ലാം സമമായിരിക്കുമ്പോൾ മാത്രമേ യുദ്ധസേവനക്കാർക്കു സിവിൽ സർവ്വീസിലുള്ള മറ്റുള്ളവരേക്കാൾ മുൻഗണന കൊടുക്കാവു എന്നതായിരുന്നു മന്ത്രിയുടെ പ്ര സംഗസാരം.

(ബി) & (സി) എ-യുടെ ഉത്തരംകൊണ്ടു ബി-ക്കും സി-ക്കും ഉത്തരം ആവശ്യമില്ല.

COMMERCE IN THE STATE—DECREASE OF

4. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാന പ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ —

(എ) സെയിൽസ് ടാക്സ് നടപ്പിൽ വന്നതോടുകൂടി കൊച്ചീരാജ്യത്തിലെ കച്ചവട ത്തിൽ മൊത്തത്തിൽ ഒരു അധഃപതനം വന്നിട്ടുള്ളതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടി ട്ടുണ്ടോ;

(ബി) ഇതിനു് എന്തു മാർഗ്ഗമാണു് ഗവൺമെണ്ടു കൈക്കൊള്ളുവാൻ ഉദ്ദേശിച്ചിട്ടുള്ളതു്;

(സി) വെളിച്ചെണ്ണ, കുരുമുളകു്, കയറു് മുതലായ സർവ്വവിധ കച്ചവടങ്ങളും തിരു വിതാംകൂറിലേക്കാണു പൊയ്ക്കൊണ്ടിരിക്കുന്നതെന്നുള്ള വസ്തുത ഗവൺമെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) അങ്ങിനെ ചില ആക്ഷേപങ്ങൾ ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടു്.

(ബി) അന്യരാജ്യങ്ങളിൽനിന്നു് ഇറക്കുമതിചെയ്യുന്ന വീണ്ടും ഇവിടെനിന്നു് കയറ്റി അയക്കുന്ന സാധനങ്ങളിന്മേൽ ചുമത്തുന്ന വില്പന നികുതി ഒരുതവണയായി കുറച്ചുകൊണ്ടു ള്ള നിയമം [illegible] ചിങ്ങം [illegible]-മുതൽ നടപ്പിൽ വരുത്തുവാൻ ഗവൺമെണ്ടു് ഉദ്ദേ ശിക്കുന്നുണ്ടു്.

(സി) വെളിച്ചെണ്ണ, കുരുമുളകു്, കയറു് മുതലായ സാധനങ്ങൾ കൊച്ചിയിൽനി ന്നു തിരുവിതാംകൂറിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നതായി അറിവില്ല. വെളിച്ചെണ്ണയുടെ ക ൺട്രോൾ നീക്കിയതിനുശേഷം വെളിച്ചെണ്ണ ധാരാളം തിരുവിതാംകൂറിൽനിന്നു കൊച്ചിയി ലേക്കു വന്നിട്ടുണ്ടു്.

COMPLAINTS REGARDING FISHING

459. മിസ്റ്റർ പി. ടി. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാന പ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) പെയ്ത്തുവല തെളിക്കണ്ണി എന്ന പേരിൽ ലൈസൻസ് എടുത്തു തിരുവി താംകൂറുകാരായ കുറെ ആളുകൾ കൊച്ചി അഴിമുഖത്തും, ചുറ്റുമുള്ള കായൽ പ്രദേശങ്ങളി ലും, അടക്കംകൊല്ലിവല ഉപയോഗിച്ചു മത്സ്യം പിടിക്കുന്നതിനെ ആക്ഷേപിച്ചുകൊണ്ടു [illegible], [illegible] എന്നിവർക്കുള്ളിൽ ആരിൽനിന്നെങ്കിലും വല്ല ആക്ഷേപങ്ങളും ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ലഭിക്കുകയുണ്ടായിട്ടുണ്ടോ; കിട്ടീട്ടുണ്ടെങ്കിൽ ആരിൽനിന്നൊ ക്കെയാണു്; എന്തു നടപടിയാണെടുത്തതു്;

(ബി) ടി ഹർജിയുടെ പകർപ്പും അതിന്മേലുണ്ടായിട്ടുള്ള ഉത്തരവുകളും ദയവായി മേശപ്പുറത്തു വെക്കാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) ഉവ്വു്. കൊച്ചി, എറണാകുളം കായലിലെ വിവിധ മത്സ്യത്തൊഴിലാളികളിൽനിന്നും ഒരു ആക്ഷേപം കിട്ടിട്ടുണ്ടു്. ടി ആക്ഷേപം അഡ്വക്കേറ്റു് മിസ്റ്റർ എം. വി. പൊളിന്റെ വക്കാലത്തോടുകൂടിയാണു് സമർപ്പിച്ചതു്. വലിയ പറവകണ്ണിക്കാൺ ലൈ

LIBRARY ARCHIVES Kerala Legislative Assembly